# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 08, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 306)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| മുഖ്യമന്ത്രി | : | 6146 മുതൽ 6239 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | 6240 മുതൽ 6274 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | 6275 മുതൽ 6379 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | 6380 മുതൽ 6451 വരെ |

## മുഖ്യമന്ത്രിയുടെ കാൾസെന്ററുകളുടെ പ്രവർത്തനങ്ങൾ

6146 ശ്രീ. സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കാൾ സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കാമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കാൾ സെന്ററുകൾ മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നവർക്ക് വേഗത്തിലും ഫലപ്രദമായും ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ്</u>

6147 ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വെബ്സൈറ്റിന് കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ;

(ഡി) എന്തടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും</u>

6148 ഡോ. കെ. ടി. ജലീൽ
ശ്രീ. ആർ. രാജേഷ്
,, ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും വിവരവിജ്ഞാനീയ സാധ്യതകൾ മുൻനിർത്തി പുനർ നിർവചിച്ച് വ്യവസ്ഥ ചെയ്യുകയും പ്രാബല്യപ്പെടുത്തുകയും ചെയ്യാൻ തയ്യാറാകുമോ ;

(ബി) ഇതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്ത
പ്രഖ്യാപിത പദ്ധതികൾ

6149 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ബി.ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) അവ ഏതൊക്കെയാണെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(സി) ഇതിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നവ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ഡി) നടപ്പിലാക്കിയിട്ടില്ലാത്ത സർക്കാർ പ്രഖ്യാപിത പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് കൂടി തന്നാണ്ടിലെ ബജറ്റിൽ ലഭ്യമാണോ; വിശദമാക്കാമോ;

(ഇ) നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കാമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അഴിമതി - കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ നടപടി</u>

6150 ശ്രീ. ജി. സുധാകരൻ
,, സാജു പോൾ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംവിധാനങ്ങളിലെ അഴിമതി, കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; ഇവ വ്യാപിച്ചിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) അഴിമതി സംബന്ധിച്ച് രഹസ്യവിവരം നൽകുന്നവർക്ക് സമ്മാനം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(സി) ഈ ഇനത്തിൽ ഇതിനകം എത്ര പേർക്ക് സമ്മാനം നൽകുകയുണ്ടായി; എത്ര അഴിമതികൾ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി; അവയിൽ വിജിലൻസ് അന്വേഷണത്തിന് വിട്ടവ എത്ര;

(ഡി) അവിഹിത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളിൽ ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സുതാര്യ കേരളം പദ്ധതി</u>

6151 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളും കൃത്യമായി വിവരങ്ങൾ നൽകാത്തതിനാൽ ''സുതാര്യകേരളം പദ്ധതി'' വഴിയുള്ള നടപടികൾ വൈകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി തീർപ്പാക്കേണ്ട പരാതികൾ പോലും നടപടി വൈകുന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) സുതാര്യകേരളം വഴി ലഭിക്കുന്ന പരാതികളിൽ മുന്തിയ പരിഗണന നൽകി ഫയൽ തീർപ്പാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുമോ;

(ഡി) ജില്ലാ തലത്തിൽ നടക്കുന്ന അവലോകന യോഗത്തിലെ റിപ്പോർട്ടുകൾ കൃത്യമായി നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സുതാര്യകേരളം പദ്ധതി</u>

6152 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരവാരം, നഗരൂര്‍ ഗ്രാമപഞ്ചായത്തുകളുടെ അതിര്‍ത്തിയിലുള്ള വിളയില്‍ക്കട -ഇറത്തിയില്‍-ശബരിമലക്കുന്ന് റോഡ് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സുതാര്യകേരളം പദ്ധതിയില്‍ ഉള്‍പ്പെടുത്തിയ 26891/സി.എം.പി.ജി.ആര്‍.സി.3/ എസ്.കെ/2012/ ജി.എ.ഡി പ്രവൃത്തിയിന്മേല്‍ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റോഡ് ഗതാഗത യോഗ്യമാക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സുതാര്യ കേരളം പദ്ധതിയിൽ അപേക്ഷ</u>

6153 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുതാര്യ കേരളം പദ്ധതിയിൽ അപേക്ഷ കൊടുത്താൽ എത്ര ദിവസത്തിന് ശേഷമാണ് അപേക്ഷയിന്മേൽ തീരുമാനമായി അപേക്ഷകന് മറുപടി ലഭിക്കുക എന്ന് വ്യക്തമാക്കുമോ ;

(ബി) കൊടുത്ത അപേക്ഷകളിന്മേൽ ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സേവനാവകാശനിയമം</u>

6154 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സേവനാവകാശം നിയമം ലംഘിച്ചതിന്റെ ഭാഗമായി ശിക്ഷാ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥന്റെ പേരും, വകുപ്പും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

6155

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മതിയായ സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷാനടപടികളാണ് സേവനാവകാശ നിയമത്തിൽ പ്രതിപാദിക്കുന്നത്?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച്</u>

6156 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം പ്രകാരം ഓരോ വകുപ്പിലും എത്ര അപേക്ഷവീതമാണ് നിയമപ്രകാരം തീർപ്പാക്കിയത്;

(ബി) ഈ നിയമ പ്രകാരം ഓരോ വകുപ്പിലും എത്ര പേരെ വീതം ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ജനസമ്പർക്ക പരിപാടി</u>

6157 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളിലൂടെ എത്ര പേർക്കാണ് സാമ്പത്തിക ആനുകൂല്യം നൽകിയത്;

(ബി) സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

‘മിഷൻ 676’ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

6158 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2014-15 വരെയുള്ള ബജറ്റുകളിൽ നിദ്ദേശിക്കാത്ത എത്ര പദ്ധതികൾ ‘മിഷൻ 676’ പദ്ധതിയിലുടെ നടപ്പാക്കുന്നുണ്ട്; അവ ഏതെല്ലാം എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം</u>

6159 ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റത്തെക്കുറിച്ച് പരിശോധിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ; അവ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നിർദ്ദേശങ്ങളിൽ ഓരോ വകുപ്പും നടപ്പിലാക്കേണ്ടിയിരുന്നവ ഉറപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

റയിൽ യാത്രക്കൂലി ചരക്കുകൂലി വർദ്ധനവ്

6160 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റയിൽ യാത്രക്കൂലിയും ചരക്കുകൂലിയും കുത്തനെ കൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർദ്ധനവ് ജനജീവിതത്തെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലമുണ്ടാകുന്ന ജീവിതഭാരം ലഘൂകരിക്കുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാര്‍, ഗവ. ചീഫ് വിപ്പ് എന്നിവരുടെ വിദേശയാത്ര</u>

6161 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാര്‍ ഗവ.ചീഫ് വിപ്പ് എന്നിവരില്‍ ആരെല്ലാം നടത്തിയ ഏതെല്ലാം വിദേശയാത്രകളുടെ കണക്കുകള്‍ തീര്‍പ്പാക്കുകയുണ്ടായിട്ടില്ലെന്ന് വെളിപ്പെടുത്താമോ;

(ബി) വിദേശയാത്രയ്ക്ക് അഡ്വാന്‍സ് വാങ്ങിയ തുകയില്‍ ബാലന്‍സ് തിരിച്ചടച്ചിട്ടില്ലാത്ത ആരെങ്കിലും ഉണ്ടോ; എങ്കില്‍ ആരൊക്കെ; എത്ര തുക വീതം തിരികെ നല്‍കേണ്ടതായിട്ടുണ്ട്;

(സി) ഓരോയാത്രയിലും ഓരോ മന്ത്രിമാരും എത്രമാത്രം ഇന്ത്യന്‍ രൂപയ്ക്കുള്ള ഡോളര്‍ വാങ്ങുകയുണ്ടായി; ഇതില്‍ ഓരോ യാത്രാ വേളയിലും ചെലവഴിക്കപ്പെട്ട ഡോളര്‍ എത്ര;

(ഡി) ഗവ. ചീഫ് വിപ്പിന് വിദേശയാത്ര നടത്തിയ ഇനത്തില്‍ ഖജനാവില്‍ നിന്ന് ചെലവഴിക്കേണ്ടിവന്ന തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഉത്തരവുകൾ പാലിക്കപ്പെടുന്നതായി ഉറപ്പുവരുത്തുന്നതിന് നടപടി

6162 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ പാലിക്കപ്പെടുന്നതായി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) റീസർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) വില്ലേജ് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ ഇനിയും നടപടികൾ ആരംഭിച്ചിട്ടില്ലാത്തവ ഏതെന്ന് വിശദമാക്കാമോ;

(ഇ) എങ്കിൽ പ്രഖ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ഉള്ള കാലതാമസവും പ്രതിബന്ധങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ഐ. എ. എസ്. ഉദ്യോഗസ്ഥരുടെ വാർഷിക അവലോകന റിപ്പോർട്ട്</u>

6163 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. എ. എസ്. ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള വാർഷിക രഹസ്യ റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) സെക്രട്ടറിമാർ മുതലുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ എ. സി. ആർ. (വാർഷിക അവലോകന റിപ്പോർട്ട്) തയ്യാറാക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ;

(സി) 1989 ബാച്ചിലുള്ളവർക്ക് പ്രിൻസിപ്പൽ സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകാത്തതിനെതിരെ ഐ. എ. എസ്. അസ്സോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഐ. എ. എസ്. ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായഭിന്നതകൾ</u>

6164 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഐ. എ. എസ്. ഓഫീസർമാർക്കിടയിൽ ഇടയ്ക്കിടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന അഭിപ്രായ വ്യത്യാസങ്ങളുടേയും യോജിപ്പില്ലായ്മയുടേയും ശരിയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭരണസംവിധാനത്തിന്റെ ഉന്നതശ്രേണികളിൽ സത്യസന്ധതയും അച്ചടക്കവും പരസ്പര സഹകരണവും പ്രതിബദ്ധതയും ഉണ്ടാക്കിയെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത ഉദ്യോഗസ്ഥന്മാർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളും വിഷമങ്ങളും ലഘൂകരിക്കുന്നതിനും അവരുടെ കഴിവും പ്രാപ്തിയും ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്</u>

6165 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്നു മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വീസിലേക്ക് ജനറൽ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയായി നിജപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇൻഡ്യൻ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 32 വയസ്സായി പുനർനിർണ്ണയിച്ചിരിക്കുന്നതിനാൽ ഇതേ മാതൃകയിൽ ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 32 വയസ്സായി നിജപ്പെടുത്തുമോ;

(ഡി) ഇതിലേക്ക് സർവ്വിസ് ക്വാട്ടയിൽ അപേക്ഷിക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകളിലെയും എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തുന്ന വിധം ചട്ടങ്ങൾ രൂപീകരിക്കുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

6166 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസ് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസിലേക്ക് ജനറൽ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി എത്രയായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഡ്യൻ സിവിൽ സർവ്വീസ് പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 32 വയസ്സായി പുനർ നിർണ്ണയിച്ചിരിക്കുന്നതിനാൽ ഇതേ മാതൃകയിൽ പുതിയതായി ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 32 വയസ്സായി നിജപ്പെടുത്തിചട്ടങ്ങൾ രൂപീകരിക്കുന്നതിനും യോഗ്യരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സർവ്വീസിലേക്ക് ഏതെല്ലാം വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുള്ള ജീവനക്കാർക്ക് സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഈ വിഭാഗക്കാർക്ക് പ്രസ്തുക സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്ര വയസ്സാണ് ;

(ഇ) സർക്കാർ സർവ്വീസിലെ എല്ലാ വകുപ്പിലെയും ഗസറ്റഡ് & നോൺ ഗസറ്റഡ് തസ്തികയിൽ നിലവിലുള്ള ജീവനക്കാർക്ക് സർവ്വീസ് ക്വാട്ടയിൽ പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ എല്ലാ സർവ്വീസിലെയും യോഗ്യരായ ജീവനക്കാർക്ക് പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - പ്രായപരിധി</u>

6167 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ അപേക്ഷിക്കുന്നതിനുളള യോഗ്യതകളെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമൊരു സർവ്വീസ് ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ;

(സി) പ്രസ്തുത സർവ്വീസിലേക്ക് സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നതിന് എല്ലാ വകുപ്പുകളിലെയും എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തുമോ;

(ഡി) നിലവിൽ തീരുമാനിച്ചിട്ടുളള പ്രായപരിധി സ്റ്റേറ്റ് സിവിൽ സർവ്വീസിലെ ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് സമാനമായ രീതിയിൽ പുനർ നിർണ്ണയിക്കുന്നതിനും അതിൻ പ്രകാരം വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ പോയ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ</u>

6168 ശ്രീ.കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് ഉദ്യോഗസ്ഥർ ഭരണതലത്തിൽ നിന്നും കേന്ദ്ര സർവ്വീസിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നതിന്റെ വിശദ വിവരം നൽകുമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര സിവിൽ സർവ്വീസ് ഓഫീസറിന്റെ ഒഴിവുകൾ ഉണ്ട്; ആയത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് ഓഫീസറുടെ ഒഴിവുകൾ</u>

6169 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2016 ആകുമ്പോൾ കേരളത്തിൽ എത്ര സിവിൽ സർവ്വീസ് ഓഫീസർമാരുടെ ഒഴിവുകളാണ് വരുന്നത്; ഇത്രയും ഒഴിവുകൾ, ഐ.എ.എസ്., ഐ.പി.സ്, ഐ. എഫ്.എസ്, മുതലായവ എപ്രകാരം നികത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദ വിവരം നൽകുമോ;

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി</u>

T.6170 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയുടെ വിശദാംശങ്ങൾ സംവരണ-സംവരണേതര വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് യു.പി.എസ്.സി. നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയുടെ വിശദാംശങ്ങൾ അറിയാമോ; എങ്കിൽ ലഭ്യമാക്കുമോ;

(സി) കേരള സിവിൽ സർവ്വീസിന് സമാനമായ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് കേരള പി.എസ്.സി. നടത്തിയ പരീക്ഷയിൽ പാലിച്ച പ്രായപരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേരള സിവിൽ സർവ്വീസിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കുറയ്ക്കുമ്പോൾ നിരവധി ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരള സിവിൽ സർവ്വീസിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പ്രായപരിധിക്ക് തുല്ല്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സര്‍വ്വീസില്‍ ജോലിക്കായി മലയാളം കോഴ്സ്</u>

6171 ശ്രീ. ലൂഡിലൂയിസ്
,, വി. ഡി. സതീശന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്താം ക്ലാസുവരെ മലയാളഭാഷ ഒരു വിഷയമായി പഠിക്കാത്തവര്‍ക്ക് സര്‍ക്കാര്‍ സര്‍വ്വീസില്‍ ജോലി ലഭിക്കുന്നതിന് ഏതെങ്കിലും ഒരു സ്ഥാപനം നടത്തുന്ന മലയാളം കോഴ്സ് പാസ്സാകണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കില്‍ ഏത് സ്ഥാപനം നടത്തുന്ന കോഴ്സാണ് പാസ്സാകേണ്ടതെന്നും സര്‍വ്വീസില്‍ പ്രവേശിച്ച് എത്ര വര്‍ഷത്തിനുള്ളിലാണ് പാസ്സാകേണ്ടതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കോഴ്സ് ഏതെങ്കിലും സ്ഥാപനത്തില്‍ ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കില്‍ പ്രസ്തുത കോഴ്സ് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) എന്നുമുതലാണ് പ്രസ്തുത വ്യവസ്ഥയ്ക്ക് പ്രാബല്യം നല്‍കുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

സമഗ്ര ഭാഷാ നിയമം

6172 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ഭാഷാ നിയമം പാസ്സാക്കാനവശ്യമായ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനുശേഷം ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മലയാളഭാഷയുടെ ഉപയോഗവും സാധ്യതകളും ഉറപ്പാക്കാന്‍ സമഗ്ര ഭാഷാ നിയമം നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

6173 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളം ആക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മലയാളം ഭരണഭാഷയാക്കി ഉത്തരവ് ഇറക്കിയിട്ടും ആയത് പാലിക്കാത്ത ഉദ്യോഗസ്ഥരുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ഹാജർനില</u>

6174 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനുശേഷം സെക്രട്ടേറിയറ്റിൽ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കൃത്യസമയത്ത് ഹാജരാകുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശപര്യടനം സംബന്ധിച്ച വിശദാംശങ്ങൾ</u>

6175 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ, മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശയാത്രകൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിയും ചീഫ് വിപ്പും വിവിധ ഘട്ടങ്ങളിലായി നടത്തിയ ആദ്യാവസാനം വരെയുള്ള യാത്രാ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും ഔദ്യോഗിക വിദേശയാത്രാപരിപാടിയിൽ ഏതെങ്കിലും മന്ത്രി യാത്രാവേളയിൽ മാറ്റം വരുത്തിക്കൊണ്ട് മറ്റേതെങ്കിലും സ്ഥലം കൂടി സന്ദർശിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമനത്തിനുള്ള വരുമാനപരിധി</u>

6176 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോൺ ക്രീമിലെയർ വരുമാന പരിധിയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക നിശ്ചയിച്ച് ഉത്തരവിറങ്ങിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരിധിക്ക് ആനുപാതികമായി ആശ്രിത നിയമനത്തിന് പരിഗണിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഡൽഹി കേരളാഹൗസിലെ നിയമനങ്ങൾ

6177 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഡൽഹി കേരളാഹൗസിലെ വിവിധ തസ്തികകളിലേയ്ക്ക് എത്ര താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ട്; ഈ കാലയളവിൽ ഇവിടെയുള്ള വിവിധ തസ്തികകളിലേക്ക് എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) താൽക്കാലിക നിയമനത്തിനായി ഇന്റർവ്യൂ ബോർഡ് രൂപീകരിക്കുകയും സർട്ടിഫിക്കറ്റുകൾ പരിശോധിക്കുകയും ചെയ്തിരുന്നോ; ഇതിനായി സ്വീകരിച്ച നിയമന രീതി വിശദമാക്കാമോ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പാ പദ്ധതി</u>

T.6178 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ വിദ്യാർത്ഥികൾക്കു നൽകുന്ന വിദ്യാഭ്യാസ വായ്പാപദ്ധതി സുതാര്യമാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി പഠനകാലാവധിക്കിടയിൽ മരണപ്പെടുന്ന സാഹചര്യങ്ങളിൽ വായ്പയെഴുതിത്തള്ളുന്നതിനുള്ള നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾ</u>

6179 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളായ എത്ര വിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളായ കുട്ടികൾക്കെതിരെയുള്ള പീഡനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതു തടയുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ്</u>

6180 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുമ്പുണ്ടായിരുന്ന മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, സ്പീക്കർ, ഗവൺമെന്റ് ചീഫ് വിപ്പ്, ഡെപ്യൂട്ടി സ്പീക്കർ, എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തിരുന്നവർക്ക് ഐഡന്റിറ്റി കാർഡ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി പോകേണ്ടുന്ന അവസരങ്ങളിൽ പ്രസ്തുത ഐഡന്റിറ്റി കാർഡ് ഉള്ളവർക്ക് മുൻഗണന ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഐഡന്റിറ്റി കാർഡ് അനുവദിക്കണമെന്നാശ്യപ്പെട്ട് സർക്കാരിന് ഏതെങ്കിലും അപേക്ഷ ലഭിച്ചുവോ; എങ്കിൽ അത് ആരുടേതെന്നും, എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പെൻഷൻ</u>

6181 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളായിരുന്ന ജീവനക്കാർക്ക് സർക്കാർ പെൻഷൻ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആനുകൂല്യം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പെൻഷന് കുറഞ്ഞ കാല സേവനം എത്ര വർഷമായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കുമോ;

(സി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഏതു വർഷം മുതൽ സേവനമനുഷ്ഠിച്ച ജീവനക്കാർക്കാണ് പെൻഷൻ നൽകിവരുന്നതെന്നറിയിക്കാമോ;

(ഡി) മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ച് പെൻഷന് ഇതു വരെ അപേക്ഷ നൽകിയിട്ടില്ലാത്ത ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഇപ്പോഴും സ്വീകരിക്കുമോ; അവർക്ക് ഇനിയും പെൻഷൻ അനുവദിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ആധാർ കാർഡുകൾക്ക് പകരമായി ദേശീയ ജനസംഖ്യ രജിസ്റ്റർ</u>

6182 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡുകൾക്കുപകരമായി ദേശീയ ജനസംഖ്യ രജിസ്റ്റർ മതിയെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ ആധാർ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിൽ എല്ലാ പൗരൻമാർക്കും ഏറ്റവും ആധികാരികമായ തിരിച്ചറിയൽ കാർഡ് ആയി ആധാറിനെ മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആധാറിനു പുറമേ ദേശീയ ജനസംഖ്യ രജിസ്റ്ററിൽ കൂടി പേരും വിവരവും ഉൾപ്പെടുത്തുവാൻ ഇനിയും ജനങ്ങളെ നിർബന്ധിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ</u>

6183 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം വിളിക്കുകയുണ്ടായോ;

(ബി) പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മേപ്പടി തീരുമാനങ്ങൾ നടപ്പായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പ് കേസ്സുകൾ അന്വേഷിക്കുന്ന സി.ബി.ഐ സംഘത്തിന് അടിസ്ഥാനസൗകര്യങ്ങൾ</u>

6184 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പു കേസ്സുകൾ അന്വേഷിക്കുന്ന സി.ബി.ഐ സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) ഈ കേസന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ സംഘം എന്തെല്ലാം കാര്യങ്ങൾ ലഭ്യമാക്കണമെന്നാണ് ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ സി.ബി.ഐ.ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

**സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ**

6185 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (എസ്.ഇ.യു.എഫ്) എന്ന സ്ഥാപനം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തിൽ ഇതിന് സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് എൻ.ജി.ഒ. കളെയും സർക്കാർ ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) എസ്.ഇ.യു.എഫ്-ൽ എക്സ്-ഒഫിഷ്യോ അംഗങ്ങളായി ഗവൺമെന്റ് സെക്രട്ടറിമാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ ഉദ്ദേശ്യം വിശദമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിലെ ദിവസവേതന ജീവനക്കാർ</u>

6186 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോവകുപ്പിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തികയുടെ പേരും ലഭ്യമാക്കുമോ;

(സി) അഞ്ച് വർഷമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന തസ്തികകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>നൂറുദിന ഫയൽതീർപ്പാക്കൽ പദ്ധതി</u>

6187 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സർക്കാർ നൂറുദിന ഫയൽതീർപ്പാക്കൽ പദ്ധതി എന്ന പേരിലോ മറ്റേതെങ്കിലും പേരിലോ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് പ്രസ്തുത നടപടികൾ തുടങ്ങിയതെന്ന് അറിയിക്കുമോ;

(സി) നാളിതുവരെ എത്ര ഫയലുകൾ തീർപ്പാക്കിയെന്നറിയിക്കുമോ;

(ഡി) ഇനി എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ സ്വാതന്ത്ര്യസമര പെൻഷൻ</u>

6188 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്വാതന്ത്ര്യസമര പെൻഷൻ എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർ ആശ്രിതരാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്

6189 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പേഴ്സണൽ ട്രെയിനിംഗ് വകുപ്പിന് കീഴിലെ സിവിൽ സർവ്വീസസ് ഓഫീസേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം</u>

6190 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണത്തെ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(സി) എന്നു മുതൽക്കാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

വിവിധ വകുപ്പുകളുടെ പ്രവര്‍ത്തനം ത്വരിതപ്പെടുത്താന്‍ നടപടി

6191 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ വകുപ്പുകളുടെ പ്രവര്‍ത്തനം വിലയിരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകള്‍ തമ്മിലുള്ള ഫയലുകളുടെയും മറ്റും കൈമാറ്റം കാലതാമസം ഉണ്ടാക്കുന്നുണ്ടെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകള്‍ തമ്മിലുള്ള കത്ത് -ഫയല്‍ ഇടപാടുകള്‍ ഓണ്‍ലൈന്‍ വഴിയാക്കിയാല്‍ കാലതാമസം ഒഴിവാക്കാമെന്നതിനാല്‍ അത്തരം പരിഷ്ക്കാരം നടപ്പിലാക്കാന്‍ തയ്യാറാകുമോ;

(ഡി) എല്ലാ സര്‍ക്കാര്‍ ഓഫീസുകളിലും ഫ്രണ്ട് ഓഫിസ് സംവിധാനവും അപേക്ഷകന് രസീത് നല്‍കുന്ന സംവിധാനവും ഏര്‍പ്പെടുത്തുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാത്തവർ</u>

6192 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് മുപ്പതിലേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു പി. റ്റി. എസ്. ജോലി പോലും ലഭിക്കാത്തവർക്ക് പ്രായപരിധി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മാനുഷിക പരിഗണന നൽകി ജോലി ലഭിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് മുപ്പത് വർഷത്തിലേറെ കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ചവർക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിനുള്ള കാലയളവ് വർദ്ധിപ്പിച്ചു നൽകുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഡി. പി. സി. കൾ സമയബന്ധിതമായി ചേരുന്നതിന് നടപടി

6193 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ നിശ്ചിതകാലയളവിൽ ചേരാത്തതിനാൽ ജീവനക്കാരുടെ പ്രൊമോഷൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് വകുപ്പിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി അവസാനമായി ചേർന്നത് എന്നാണെന്ന് അറിയിക്കുമോ;

(സി) ഡി. പി. സി. സമയബന്ധിതമായി വിളിച്ചുചേർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വികലാംഗ പെൻഷൻ</u>

6194 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗപെൻഷൻ ലഭ്യമാക്കുന്നതിന് സ്വീകരിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്ത വികലാംഗ പെൻഷന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(സി) 2013 ഏപ്രിൽ 1 ന് ശേഷം അപേക്ഷിച്ച വികലാംഗ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവർക്ക് അടിയന്തിരമായി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ഫാമിലി പെൻഷൻ ഉറപ്പാക്കാൻ നടപടി</u>

6195 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരല്ലാത്തതിനാൽ വിധവകളും അശരണരും ആയ പെൺമക്കൾക്ക് ഫാമിലി പെൻഷൻ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നിയമത്തിൽ ഭേദഗതി വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച നയം</u>

6196 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും സുതാര്യമായ രീതിയിൽ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടപ്പാക്കാനുള്ള നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയരൂപീകരണത്തിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന സെക്രട്ടേറിയറ്റ് ജീവനക്കാർ</u>

6197 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പുകളിൽ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള എത്ര തസ്തികകളാണ് ഉള്ളത്;

(ബി) പ്രസ്തുത തസ്തികകളിൽ ഓരോന്നിലും ഇപ്പോൾ എത്രപേരാണ് ജോലി ചെയ്യുന്നത്;

(സി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരിൽ എത്രപേരാണ് വിവിധ ഡയറക്ടറേറ്റുകളിലും പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നത്; ഇവരുടെ പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം എന്നിവ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാതെയുള്ള പ്രൊമോഷൻ</u>

6198 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ അസിസ്റ്റന്റ് കേഡറിൽ കെ. എസ്.& എസ്. എസ്. ആർ ചട്ടം 27 പ്രകാരം നിഷ്കർഷിക്കുന്ന സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ ബൈട്രാൻസ്ഫർ പ്രകാരം സെക്രട്ടേറിയറ്റ് സർവ്വീസിൽ സെക്ഷൻ ഓഫീസർമാരായി നിയമിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) പൊതുഭരണവകുപ്പ് സെക്രട്ടറി കൺവീനറായ ഡി. പി. സി (ലോവർ) ചേരുമ്പോൾ 04.12.1979 ലെ സർക്കാർ സർക്കുലർ നമ്പർ113789/Rule-1/79/GAD യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രൊഫോർമയിൽ അനധികൃതമായി തിരുത്തൽ വരുത്തി കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച് സെലക്ട് ലിസ്റ്റ് സൃഷ്ടിക്കുന്നത് സംബന്ധിച്ച പരാതിയുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സെക്രട്ടേറിയറ്റ് സ്റ്റേറ്റ് സർവ്വീസിലെ എൻട്രി തസ്തികയായ സെക്ഷൻ ഓഫീസർ നിയമനത്തിൽ ഫീഡർ കാറ്റഗറികളുടെ സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ സെലക്ട് ലിസ്റ്റ് സൃഷ്ടിച്ചെടുക്കുന്നത് ഭരണഘടനയിലും നിയമത്തിലും നിലനിൽക്കുന്ന റിസർവേഷൻ അട്ടിമറി നടത്തുവാനാണെന്നത് സംബന്ധിച്ച് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് ലഭിച്ച പരാതി സംസ്ഥാന സർക്കാരിന് നടപടികൾക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഡി) നാളിതുവരെ സെക്രട്ടേറിയറ്റിൽ സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ (ചട്ടം 27-ൽ നിഷ്കർഷിക്കുന്ന) നടത്തിയ പ്രൊമോഷനുകൾ ഏതുതരത്തിൽ ക്രമീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിയമനമല്ലാതെ പ്രൊമോഷൻ പ്രകാരം സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി മുൻകാല പ്രാബല്യത്തോടെ പുനസ്ഥാപിച്ചു നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സൂപ്പർ ന്യൂമററി തസ്തികയിലെ എൽ.ഡി. ക്ലാർക്കുമാരുടെ ആനുകൂല്യങ്ങൾ</u>

6199 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തു വരുന്ന എൽ.ഡി. ക്ലാർക്കുമാർക്ക് ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങളിൽ അടിസ്ഥാനവേതനം ഒഴികെയുള്ളവ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർ ഇത്രനാൾ കൈപ്പറ്റിയിരുന്ന ആനൂകുല്യങ്ങളിൽ ഏതെങ്കിലും തിരികെ പിടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ടൈപ്പിസ്റ്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയം

6200 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 07.06.2013-ലെ 4698/2013/പൊ.ഭ.വ ഉത്തരവു പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ കേഡർ സ്ട്രെങ്ത് താൽക്കാലികമായി പുനർനിർണ്ണയിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; ടൈപ്പിസ്റ്റുമാരുടെ മൊത്തം കേഡർ സ്ട്രെങ്ത് എത്രയാണ്;

(ഡി) തടസ്സങ്ങളുണ്ടെങ്കിൽ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചതിനുശേഷം എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യാൻ അടിയന്തരമായി നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

സൂപ്പർ ന്യൂമററി തസ്തികയിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി

6201 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരേ സർക്കാർ ഉത്തരവിൽ ഒരേ ദിവസം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഒരേ സർക്കാർ ഉത്തരവിൽ ഒരേ ദിവസം ഒരു വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എൽ.ഡി.സി. മാരുടെയും ആശ്രിത നിയമനം വഴി ജോലിയിൽ പ്രവേശിച്ച എൽ.ഡി.സി. മാരുടെയും സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് നടപടി</u>

6202 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പിതൃത്വാവധി അനുവദിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എത്ര ദിവസമാണ് പിതൃത്വാവധി അനുവദിച്ചിട്ടുള്ളത്;

(സി) പിതൃത്വാവധിയിലായിരിക്കുന്ന കാലയളവ് പ്രൊബേഷൻ ഉൾപ്പെടെയുള്ള എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ;

(ഇ) മുൻകാല പ്രാബല്യത്തോടെ പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പ്രീ സർവ്വീസ് പരിശീലനം</u>

6203 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ഏതെല്ലാം തസ്തികകൾക്കാണ് പ്രീ സർവ്വീസ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രീ സർവ്വീസ് പരിശീലനകാലം സർവ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ</u>

6204 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ എത്രയാണ് ;

(ബി) ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഇവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) അവ മോണിറ്റർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പൊതുഭരണ വകുപ്പിലെ തസ്തികകൾ</u>

6205 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളുടെയും ഗ്രേഡ്തിരിച്ചുള്ള കേഡർ സ്ട്രെങ്ത്ത് ലഭ്യമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ തസ്തിക/ഗ്രേഡ് തിരിച്ചുള്ള എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**മലബാറിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാൻ നടപടി**

6206 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മലബാറിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം, കോഴിക്കോട് ജില്ലകളുടെ അതിർത്തിയിലുള്ള മാവൂരിൽ പ്രസ്തുത സ്ഥാപനം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ. മാർ നിവേദനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്തുനടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്; നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ശാസ്ത്രപോഷിണി സ്കീം</u>

6207 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പാക്കുന്ന ശാസ്ത്രപോഷിണി പദ്ധതി 2011-12,2012-13, 2013-14 വർഷങ്ങളിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ ആണ് നടപ്പാക്കിയത്; വിദ്യാലയങ്ങളുടെ പേര്, ജില്ല എന്നിവ വിശദമാക്കുമോ;

(ബി) സെലക്ടീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് & ഡെവലപ്മെന്റ് പദ്ധതി പ്രകാരം 2011-2012, 2012-13,2013-14 വർഷങ്ങളിൽ വിദ്യാലയങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; വർഷം, ജില്ല, വിദ്യാലയം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത രണ്ട് പദ്ധതികളിലും കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഒരു വിദ്യാലയവും പരിഗണിക്കപ്പെട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഈ വർഷം കൊയിലാണ്ടി മണ്ഡലത്തിലെ വിദ്യാലയങ്ങളെ പ്രസ്തുത പദ്ധതികളിലേക്ക് പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2014-2015 വർഷത്തിൽ പ്രസ്തുത പദ്ധതികൾ പ്രകാരം കോഴിക്കോട് ജില്ലയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി പരിഗണിക്കപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പി & എ.ആർ.ഡി. വർക്ക്സ്റ്റഡി വിഭാഗത്തിന്റെ റിപ്പോർട്ടുകൾ</u>

6208

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി & എ.ആർ.ഡി. വർക്ക്സ്റ്റഡി വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത വിഭാഗം എത്ര വകുപ്പുകളിൽ വർക്ക്സ്റ്റഡി നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അത് ഏതെല്ലാം വകുപ്പുകളാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മീഷന്റെ ഉത്തരവ്</u>

6209 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ 03.01.2014 ലെ സ.ഉ (പി) നം. 1/2014/ഉ.ഭ.പ.വ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ഭരണപരിഷ്ക്കാര കമ്മീഷൻ</u>

6210 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗം ലഭിക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും ആവശ്യമായ പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്ക് ഒരു ഭരണ പരിഷ്ക്കാര കമ്മീഷനെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ നിയമിക്കപ്പെടുന്ന കമ്മീഷൻ ആറ് മാസത്തിനകം റിപ്പോർട്ട് നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിതരായ എൽ.ഡി. ക്ലാർക്കുമാരുടെ റെഗുലറൈസേഷനും പ്രൊബേഷനും</u>

6211 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012, 2014 വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ എൽ.ഡി. ക്ലാർക്കുമാരുടെ നിയമനം റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) നിയമനങ്ങൾ റെഗുലറൈസ് ചെയ്യാത്തതിനാൽ പ്രസ്തുത എൽ.ഡി. ക്ലാർക്കുമാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരിക്കാൻ നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ മാറ്റം വേണമെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വിമുക്തഭടൻമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതി</u>

6212 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതിയുടെ പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ</u>

6213 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്: വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്;

(ഡി) വിമുക്തഭടൻമാരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ഇ) വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ആർമി സർവ്വീസ് പെൻഷനും, സംസ്ഥാന സർവ്വീസ്പെൻഷനും നൽകുന്നതിന് നടപടി</u>

6214 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർമി സർവ്വീസ്, സംസ്ഥാന സർവ്വീസ് എന്നിവയിൽ ജോലിനോക്കി വിരമിച്ചശേഷം രണ്ട് പെൻഷനും വാങ്ങിവരവേ മരണപ്പെട്ട വ്യക്തികളുടെ ഭാര്യമാർക്ക് രണ്ട് ഫാമിലി പെൻഷനും ലഭിക്കുന്നതിന് അർഹതയുണ്ടോ;

(ബി) കേന്ദ്രസർക്കാർ ഉത്തരവുപ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ ഈ രണ്ടുപെൻഷനും ഒരേസമയം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തും പ്രസ്തുത രണ്ട് ഫാമിലിപെൻഷനും ഒരുമിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എൻ. സി. സി. ക്യാമ്പുകളിലെ മോശം പ്രവണതകൾ</u>

6215 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം എൻ. സി. സി. ഗ്രൂപ്പിന്റെ കീഴിലുള്ള തിരുവല്ല 15 കേരള ബറ്റാലിയൻ എൻ. സി. സി.യുടെ അഭിമുഖ്യത്തിൽ 2014 മെയ് 22 മുതൽ 31 വരെ ഇരവിപേരൂർ സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂളിൽവെച്ച് ഒരു എൻ. സി. സി. ക്യാമ്പ് നടന്നിട്ടുണ്ടോ; ഇതിന്റെ ചുമതല ആർക്കായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പിൽ പങ്കെടുത്ത ഗേൾ കേഡറ്റിനെ അപമാനിക്കാൻ ശ്രമിച്ച കുക്ക്ഹൗസിലെ ജീവനക്കാരനെതിരെ കേഡറ്റ് പരാതി നലകിയിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേൽ തെറ്റായി നടപടി സ്വീകരിച്ച കമാൻഡന്റിന്റെ പേരിൽ മുഖ്യമന്ത്രിക്ക് ആരെങ്കിലും പരാതി നൽകിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എൻ.സി.സി ക്യാമ്പുകളിൽ ഇത്തരം മോശം പ്രവണതകൾ ആവർത്തിക്കതിരിക്കുന്നതിന് മാതൃകാപരമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച സഹായം വിതരണം ചെയ്യാൻ നടപടി</u>

6216 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, കല്ലൂർ വടക്കുംമുറി വില്ലേജിൽ പാളയംപറമ്പ് ദേശത്ത്, ഊളപ്പറമ്പിൽ വീട്ടിൽ യു.വി. സനലന്റെ മകന്റെ അപകടമരണത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 12.04.2012-ലെ 13472/DRF/CM/12 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച മുപ്പതിനായിരം രൂപ നാളിതുവരെ വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സനലന്റെ പേരിൽ അനുവദിച്ചിട്ടുള്ള പ്രസ്തുത ധനസഹായം അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ അനുവദിച്ച തുകകൾ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച ധനസഹായം ലഭ്യമാക്കാൻ നടപടി</u>

6217 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ചികിത്സാധനസഹായം അനുവദിക്കുന്നതിനായി ശ്രീ. രാധാകൃഷ്ണൻ, വാഴത്തറയിൽ, നെടുങ്കണ്ടം എന്നയാൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ 11773/DRF/CM/2013 ആയി നമ്പർ ചേർത്ത പ്രസ്തുത അപേക്ഷയിന്മേൽ അനുവദിച്ച ധനസഹായം അപേക്ഷകന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ 15.4.2013 ൽ അനുവദിച്ച തുക ഇതുവരെ അപേക്ഷകന് ലഭ്യമാക്കാതിരുന്നതെന്തുകൊണ്ടാണെന്നറിയിക്കുമോ;

(സി) അപേക്ഷകന് അടിയന്തരമായി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നനുവദിച്ച തുക ലഭ്യമാക്കാൻ നടപടി</u>

6218 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധന സഹായം ലഭിക്കുന്നതിനായി ശ്രീമതി. സുമതി കരുണാകരൻ, പനയക്കൽ, ചെറുപുറം, രാജക്കാട് എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നോ;

(ബി) അപേക്ഷ 23430/DRF/CM/2013 എന്ന നമ്പറിൽ രേഖപ്പെടുത്തുകയും ₹1,00,000 അപകടമരണം സംഭവിച്ച വ്യക്തിയുടെ ആശ്രിതയായ സുമതിക്ക് അനുവദിച്ചിരിക്കുന്നുവെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ടോ; അപേക്ഷകയ്ക്ക് പ്രസ്തുത തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) അപേക്ഷകയ്ക്ക് പ്രസ്തുത ധനസഹായം അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം</u>

6219 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കും മരണപ്പെട്ട രോഗികളുടെ ആശ്രിതർക്കും എന്തെല്ലാം ധനസഹായങ്ങളാണ് നല്കിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ദുരിത ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം</u>

6220 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശപ്രകാരം അനുവദിച്ച 5 ലക്ഷം രൂപയുടെ ധനസഹായത്തിന്റെ രണ്ട് ഗഡുക്കൾ (3 ലക്ഷം രൂപ) എത്രപേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം ഏതു തീയതി വരെ മരണപ്പെട്ടവരുടെ ആശ്രതിർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്ന് ലിസ്റ്റ് സഹിതം അറിയിക്കുമോ ;

(ഡി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്കുള്ള സഹായം

6221 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആത്മഹത്യ ചെയ്തവരുടെ എത്ര കുടുംബങ്ങൾക്കാണ് ദുരിതാശ്വാസനിധിയിൽ നിന്ന് കഴിഞ്ഞ വർഷം ധനസഹായം അനുവദിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ബി) ധനസഹായം അനുവദിച്ചവരുടെ പേരുവിവരം അറിയിക്കുമോ ;

(സി) കുടുംബനാഥൻ കൊലചെയ്യപ്പെട്ട കേസുകളിൽ ഏതെങ്കിലും കുടുംബത്തിന് ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പേർക്ക് നല്കിയെന്നും ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

മൂക്കന്നൂർ പഞ്ചായത്തിൽ കനാൽ വെള്ളത്തിൽ വീണ് മരിച്ച അലീനയുടെ കുടുംബത്തിന് സഹായധനം

6222 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽ 14-ാം വാർഡിൽ പറമ്പയം ഭാഗത്ത് 2014 മെയ് മാസം 13-ാം തീയതി ചാലക്കുടി ഇടതുകര കാലടി മെയിൻ കനാലിൽ പാലാട്ടി വീട്ടിൽ ടോമിയുടെയും സിനിയുടെയും മകളായ അലീന കനാൽ വെള്ളത്തിൽ വീണ് മരിച്ചത് കണക്കിലെടുത്ത് കുട്ടിയുടെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽനിന്നും സഹായധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിനുള്ള അവകാശം നഷ്ടമായ ഡാമുകൾ</u>

6223 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഭൂപരിധിയിലുള്ള ഏതെങ്കിലും ഡാമുകളുടെ അവകാശാധികാരങ്ങൾ ഈ അടുത്ത കാലത്ത് സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഡാമുകളുടെയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അവകാശാധികാരങ്ങൾ നഷ്ടപ്പെടാനുണ്ടായ സാഹചര്യമെന്താണ്;

(ഡി) ആയതിന് ഉത്തരവാദിയായവർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പി.എസ്.സി മാന്വൽ പരിഷ്ക്കരണം</u>

6224 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മാന്വൽ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് മാന്വലിൽ വരുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പി.എസ്.സി. എഴുത്തുപരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക്</u>

6225 ശ്രീ. ഹൈബി ഈഡൻ
'' വി. ഡി. സതീശൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന എഴുത്തു പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ കുഴപ്പിക്കുന്ന ചോദ്യങ്ങൾ ക്വസ്റ്റ്യൻ ബാങ്കിൽ ഉൾപ്പെടുത്താതിരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

പി. എസ്. സി. പരീക്ഷ സംബന്ധിച്ച പരാതി

6226

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 279/2011 പ്രകാരം 19.01.2013-ാം തീയതി നടത്തിയ കൃഷി ഓഫീസർ ഗ്രേഡ് II യോഗ്യതാ നിർണ്ണയ പരീക്ഷയെ സംബന്ധിച്ച് പി. എസ്. സി. സെക്രട്ടറി, ചെയർമാൻ, വിജിലൻസ് ഓഫീസർ എന്നിവർക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിന്മേൽ പി. എസ്. സി. വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷയിൽ അപേക്ഷയോടൊപ്പം സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരും യോഗ്യതാ പട്ടികയിൽ ഇടംപിടിച്ചതായുള്ള പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

എച്ച്.എസ്.എ.-ഗണിതശാസ്ത്രം തസ്തികയിലെ നിയമനം

6227 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തികയിലേക്ക് ഏറ്റവുമൊടുവിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എപ്പോഴാണ് ; കാറ്റഗറി നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ ;

(ബി) ഇതിന്മേൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) പരീക്ഷ എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഫയർമാൻ തസ്തികയിലെ നിയമനം</u>

6228 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർമാൻ തസ്തികയിലേക്ക് എന്നാണ് പി.എസ്.സി അവസാനമായി അപേക്ഷ ക്ഷണിച്ചത്; പരീക്ഷ നടത്തിയതും, ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും എന്നാണെന്ന് വിശദമാക്കുമോ;

(ബി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കായികക്ഷമതാ പരീക്ഷ നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഫയർമാൻ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ട്; റാങ്ക് ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കമ്പനി/കോർപ്പറേഷൻ സ്ഥാപനങ്ങളിലെ ക്ലർക്ക്-കം-ടൈപ്പിസ്റ്റ് നിയമനം</u>

6229 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ സ്ഥാപനങ്ങളിലേക്ക് ക്ലർക്ക് -കം-ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുള്ളത്;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും നികത്താൻ ഉടൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കമ്പനി/കോർപ്പറേഷൻ സ്ഥാപനങ്ങളിലെ ക്ലാർക്ക് - കം- ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനങ്ങൾ</u>

6230 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ സ്ഥാപനങ്ങളിലേക്ക് ക്ലാർക്ക്-കം-ടൈപ്പിസ്റ്റ് തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ പ്രസ്തുത ലിസ്റ്റിൽനിന്ന് നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തുകിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ ഉടൻ നടപടി സ്വീകരിക്കുമോ;

(ഡി) സപ്ലിമെന്ററി ലിസ്റ്റിൽനിന്ന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; നിയമനം നടത്താൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനം

6231 ശ്രീ. പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ പത്ത് ശതമാനം അതതു വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നല്കുന്ന ഉത്തരവു പ്രകാരം നാളിതുവരെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട് ; വകുപ്പ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) ഓരോ വകുപ്പിലും ഇത്തരത്തിൽ നിയമനം ലഭിക്കേണ്ടവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഓരോ വകുപ്പിലും ഇത്തരം ജീവനക്കാരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ പട്ടിക തയ്യാറാക്കാത്ത വകുപ്പുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത വകുപ്പുകൾക്ക് പട്ടിക തയ്യാറാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾക്ക് കാരണമെന്താണെന്നറിയിക്കുമോ;

(ഇ) സമയബന്ധിതമായി പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നല്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>വാച്ച്മാൻമാരുടെ ജോലിസമയം</u>

6232 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ നിയമിതരായ വാച്ച്മാൻമാരുടെ ജോലിസമയം എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ദിവസം പതിനാറുമണിക്കൂർ വരെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ ജോലി ചെയ്യുന്ന സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ജീവനക്കാർക്ക് എന്തെങ്കിലും കോംപൻസേറ്ററി അവധി അനുവദിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ഇത്രയധികം സമയം ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നത് മനുഷ്യാവകാശലംഘനമല്ലേയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷനിലെ നിയമനങ്ങൾ</u>

6233 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലേക്ക് ഹെൽപ്പർ, പ്യൂൺ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്ന് ഇതുവരെ എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തുകിട്ടിയിട്ടുള്ളത്;

(സി) എത്രപേരെ ഉടൻ നിയമിക്കാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ സപ്ലിമെന്ററി ലിസ്റ്റിൽനിന്ന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലയിൽ ഫുൾടൈം ലാംഗേജ് ടീച്ചർ (ഹിന്ദി) നിയമനം</u>

6234 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഫുൾടൈം ലാംഗേജ് ടീച്ചർ (ഹിന്ദി) തസ്തികയിലെ നിയമനത്തിനുള്ള ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) പ്രായപരിധി കഴിയാറായ നിരവധി ഉദ്യോഗാർത്ഥികൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത റാങ്ക്ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ വനിതാ എക്സൈസ് ഗാർഡുമാരുടെ നിയമനം</u>

6235 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച് മൂന്ന് മാസം കഴിഞ്ഞ് പ്രസ്തുത തസ്തികയിലേക്ക് വീണ്ടും പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിലവിൽ നിയമനം നൽകിയിട്ടുണ്ട് എന്നും എത്ര വേക്കൻസികളാണ് റിപ്പോർട്ടു ചെയ്തുകിട്ടിയിട്ടുള്ളതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനിലെ ഹെൽപ്പർ, പ്യൂൺ നിയമനങ്ങൾ

6236 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലേക്ക് ഹെൽപ്പർ, പ്യൂൺ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ നിന്ന് ഇതുവരെ എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ; ഇനിയും എത്രപേർക്ക് ഉടനെ നിയമനം ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നറിയിക്കുമോ;

(ബി) മൊത്തം എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തുകിട്ടിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള റാങ്ക്ലിസ്റ്റിന്റെ സപ്ലിമെന്ററി ലിസ്റ്റിൽ നിന്ന് ആർക്കെങ്കിലും നിയമനം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ ഫുൾടൈം ജൂനിയർ ലാംഗേജ് ടീച്ചർ (ഹിന്ദി) നിയമനം

6237 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗേജ് ടീച്ചർ (ഹിന്ദി) തസ്തികയിലെ റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം</u>

6238

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുഭരണ വകുപ്പ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, ധനകാര്യവകുപ്പ് തുടങ്ങിയവയിലെ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഇപ്പോഴുള്ള റാങ്ക്ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; കാലാവധി അവസാനിക്കുന്നതിന് മുമ്പുതന്നെ നിയമനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വനിതാപോലീസ് തസ്തികയിലെ നിയമനം</u>

6239 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേക്കുള്ള വനിതാപോലീസ് വിഭാഗത്തിലേക്ക് നിയമനം നടത്താൻ പി.എസ്.സി. ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരുൾപ്പെടുന്നു; അതിൽ എത്ര പേർക്ക് അഡ്വൈസ് അയച്ചു;

(ബി) പ്രസ്തുത തസ്തികയിൽ ആകെ റിപ്പോർട്ടു ചെയ്തുകിട്ടിയിട്ടുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) വനിതാ പോലീസിന്റെ അംഗബലം കൂട്ടുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലെ പി.എസ്.സി. ലിസ്റ്റിലുള്ളവരെ മുഴുവൻ അതിനായി പരിഗണിക്കുമോ?